# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും
(പ്രാബല്യം: 2020 ജൂലായ് 25 മുതൽ ജൂലായ് 29 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 59/2020 | തീയ്യതി: 24/07/2020 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 11.6 | 31.3 – 32.1 | 24.5 – 26.1 | 68– 95 | 00 -10 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 25.07.2020 | 26.07.2020 | 27.07.2020 | 28.07.2020 | 29.07.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 45 | 20 | 19 | 8 | 25 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 18 | 12 | 8 | 10 | 18 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 160 | 200 | 270 | 290 | 290 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 7 | 6 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | വരുന്ന ദിവസങ്ങളിൽ മഴ പ്രതീക്ഷിക്കാം .<br>തെങ്ങിൻ തൈകളുടെ മൃദുല ഭാഗങ്ങൾ വല കൊണ്ട് പൊതിഞ്ഞു കെട്ടുക. തോട്ടങ്ങൾ ശുചിയായി സൂക്ഷിക്കുക. | | |
| നെല്ല് | ചെനപ്പ് പൊട്ടുന്ന ഘട്ടം | കളനിയന്ത്രണവും വളപ്രയോഗവും | മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 150 ഗ്രാം പൊട്ടാഷ് എന്നീ വളങ്ങളും ഹ്രസ്വകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 220 ഗ്രാം യൂറിയ, 120 ഗ്രാം പൊട്ടാഷ് എന്നീ വളങ്ങളും അടിവളമായി ചേർത്ത് കൊടുക്കണം. വളമിടുന്നതിനു മുമ്പേ കളകൾ മുഴുവനായും പറിച്ചു മാറ്റുക. പാടത്തെ വെള്ളത്തിന്റെ നിരപ്പ് നേരിയ കനത്തിലേക്ക് താഴ്ത്തി നിർത്തി വേണം വളം ചേർക്കാൻ. വളം ചേർത്ത് 24 മണിക്കൂറിന് ശേഷം ജലനിരപ്പ് 5 സെ.മീ. കനത്തിലേക്ക് ഉയർത്തുക.<br>മഴയില്ലാത്ത ദിവസങ്ങളിൽ മാത്രം വളം ചേർക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് നടീൽ | തൈകൾ നടാൻ പറ്റിയ സമയമാണ്.<br><br>നടാനുള്ള കുഴികൾക്ക്  1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 1.2 മീറ്റർ  നീളവും വീതിയും ആഴവും വേണം.<br><br>നടുന്നതിനു മുൻപ് മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തി മിശ്രിതം ഉപയോഗിച്ചു കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറയ്ക്കണം. ഇപ്രകാരം നികത്തിയ ശേഷം, നടുവിൽ തൈ വയ്ക്കാൻ പാകത്തിൽ ചെറു കുഴി തയാറാക്കി കണ്ണാടി ഭാഗത്തു മണ്ണ് വീഴാത്ത വിധത്തിൽ തൈ നട്ട് ഉറപ്പിക്കുക. തൈ മറിഞ്ഞു വീഴാതിരിക്കാൻ താങ്ങു കൊടുക്കുക.  കുഴിയിലേക്ക് വെള്ളം ഒളിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക. | | |
| നെല്ല് | ചെനപ്പ് പൊട്ടുന്ന ഘട്ടം | തണ്ടു തുരപ്പൻ<br> | ആക്രമണം ഉണ്ടെങ്കില് ടാക്കൂമി 3 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക. |
| | | വാട്ടം<br> | ഫ്യൂജിയോൺ  അല്ലെങ്കിൽ നാറ്റിവോ (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങിനങ്ങൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ  ശേഷം 6 ഗ്രാം ഫെർട്ടറ (Ferterra) 250ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്.<br><br>തോട്ടങ്ങളിൽ സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം<br> | രോഗം ബാധിച്ച ഇലകൾ മുറിച്ചു മാറ്റി തോട്ടത്തിനു വെളിയിൽ കൊണ്ടുവന്ന്  കത്തിച്ചു കളയണം. മുറിച്ചു മാറ്റിയ ഇലകൾ യാതൊരു കാരണവശാലും തോട്ടത്തിൽ ഇടരുത്.  വാഴയിൽ കോൺടാഫ്  അല്ലെങ്കിൽ ടിൽറ്റ് ഇവയിൽ ഏതെങ്കിലും (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നാ തോതിൽ) തളിക്കുക.<br><br>20% പൊട്ടാഷ്  വളം അധികമായി നൽകുക. |

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | വാട്ടം  | റീഡോമിൽ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് (3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി അഞ്ചു ലിറ്റർ വീതം ഓരോ വള്ളിയുടെയും ചുവട്ടിലെ മണ്ണിൽ കുതിർക്കുകയും ചെയ്യുക |
| വെള്ളരിവർഗ്ഗ വിളകൾ | വളർച്ചാ ഘട്ടം | മൊസൈക് രോഗം  | വിശ്വാസയോഗ്യമായ സ്ഥലങ്ങങ്ങളിൽ നിന്ന് മാത്രം വിത്തുകൾ വാങ്ങുക. രോഗം പരത്തുന്ന കീടങ്ങളെ നിയന്ത്രിക്കാൻ വേപ്പധിഷ്ഠിത കീടനാശിനി (4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി